(ഡി) ഉണ്ട്.

(ഇ) ശ്രീ. റ്റി. പി. രാഘവൻ നായർ, അദ്ദേഹത്തിന്റെ സഹോദരന്മാരായ ഇ. ഗോപിനാഥൻ നായർ. ആർ, തങ്കമണിയമ്മ, എന്നിവരും ശ്രീ. ആർ. മാധവൻ പിള്ളയും പരാതികൾ നൽകിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) എ-യിൽ പറഞ്ഞിരിക്കുന്ന കാരണത്താൽ നഷ്ടപരിഹാരം നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല.

വേങ്ങശ്ശേരി പാലത്തിന്റെ നിർമ്മാണ പുരോഗതി

1197 [1910] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിലെ വേങ്ങശ്ശേരി പാലത്തിന്റെ നിർമ്മാണ പുരോഗതി എന്തെന്നു വ്യക്തമാക്കാമോ;

(ബി) ഈ പണികൾക്കുവേണ്ടി വകകൊള്ളിച്ചിട്ടുള്ളത് എത്ര സംഖ്യയാണ്;

(സി) ഇതിനകം എത്ര സംഖ്യ ചെലവായെന്നു വ്യക്തമാക്കുമോ;

(ഡി) പണി എന്നത്തേക്കു പൂർത്തിയാകും?

ഉത്തരം

(എ) വേങ്ങശ്ശേരി പാലത്തിന്റെ ആദ്യത്തെ ഡക്ക് വാർത്തുകഴിഞ്ഞു. പാലത്തിന്റെ . അപ്രോച്ചുറോഡിന്റെ നിർമ്മാണവും, വലതുവശത്തെ അബട്ട്മെന്റിന്റെ കോൺക്രീറുപണിയും പുരോഗമിച്ചു വരുന്നു.

(ബി) 50,000 രൂപ.

(സി) 1979 ഫെബ്രുവരി അവസാനംവരെ 3,56,269 രൂപ ചെലവായിട്ടുണ്ട്.

(ഡി) 1979 സെപ്തംബർ മാസത്തിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

മങ്കര-കാളികാവ്-പുട്ടൂർ റോഡ്

1198 [1911] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മങ്കര-കാളികാവ്-പുട്ടൂർ റോഡ് (ടിപ്പുസുൽത്താൻ റോഡ്) ഗതാഗതയോഗ്യമാക്കാനുള്ള എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) ഈ പണിക്ക് എന്തു തുക ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പണി എന്നത്തേക്കു പൂർത്തിയാകുമെന്നാണ് പ്രതീക്ഷ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചോദ്യം കൊഴൽമന്ദം-മങ്കര റോഡിനെപ്പറ്റിയാണെന്ന് അനുമാനിക്കുന്നു. ഈ റോഡ് അഭിവൃദ്ധിപ്പെടുത്താനുള്ള യാതൊരു നിർദ്ദേശവും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി, സി, ഡി) ചോദ്യം 'എ' വിഭാഗത്തിനു നൽകിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

എ. പി. കുട്ടൻ നായരുടെ പെൻഷൻ ആനുകൂല്യങ്ങൾ

1199 [1912] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ബി. ആൻറ് ആർ. ഡിവിഷന്റെ കീഴിൽ എൻ. എം. ആർ. തെഴിലുളിയായിരുന്നു പെൻഷൻ പറ്റിപ്പിരിഞ്ഞ ശ്രീ. എ. പി. കുട്ടൻ നായരുടെ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയോ;

(ബി) നൽകിയെങ്കിൽ എന്നാണ് ഇതിനുള്ള ഉത്തരവുണ്ടായത്;

(സി) നൽകിയില്ലെങ്കിൽ എന്തു കാരണത്താലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രീ. കുട്ടൻ നായർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടി രേഖകൾ മേൽനടപടികൾക്കായി അക്കൗണ്ടന്റ് ജനറലിന് അയച്ചിരിക്കുകയാണ്.

ടാർ

1200 [1913] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ ''ബിറ്റുമൻ'' (ടാർ) ഏതൊക്കെ കമ്പനികളാണ് സപ്ലൈ ചെയ്യുന്നത്;

(ബി) ഏതൊക്കെ കമ്പനികൾ എത്ര വീതം;

(സി) സംസ്ഥാനത്തിന്റെ വാർഷികാവശ്യം എത്രയാണ്?

ഉത്തരം

(എ) (1) ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ.

(2) ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ.

(ബി) ഓരോ കമ്പനിക്കും എത്രവീതം സപ്ലൈ ചെയ്യണമെന്ന് പ്രത്യേക നിബന്ധനയൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly